LIBRARY ARCHIVES Kerala Legislative Assembly

2. ശ്രീ. എം. ഉമ്മർ, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

ബഹുമാനപ്പെട്ട മലപ്പുറം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി ചുമതലപ്പെടുത്തിയ അഭിഭാഷക കമ്മീഷനെ കൃത്യനിർവ്വഹണത്തിനിടെ കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽവച്ച് മർദ്ദിച്ചുവെന്ന് പറയപ്പെടുന്ന സംഭവത്തിൽ കോട്ടയ്ക്കൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറായിരുന്ന ശ്രീ. വിനോദിനും കണ്ടാലറിയാവുന്ന മറ്റ് ഏഴ് പേർക്കെതിരെയും ക്രൈം നമ്പർ 82/2018 ആയി കേസ് എടുത്ത് മലപ്പുറം നർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു. പ്രസ്തുത സംഭവത്തെത്തുടർന്ന് സബ് ഇൻസ്പെക്ടറായ ശ്രീ. വിനോദിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

3. ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ നൽകിയ മറുപടി

തിരുവനന്തപുരം ജില്ലയിൽ വിതുര പഞ്ചായത്തിൽ തലത്തുതക്കാവിൽ പാലം നിർമ്മാണത്തിനായി 2015-16-ൽ കിറ്റ്കോ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പാലം നിർമ്മാണത്തിനുള്ള 3.13 കോടി രൂപയുടെ ഡി.പി.ആർ. നബാർഡ് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നബാർഡ് അംഗീകാരം ലഭിക്കുകയുണ്ടായില്ല.

2017-18 വർഷത്തെ നബാർഡ് ആർ.ഐ.ഡി.എഫ്.-23 പദ്ധതിയിൽ തലത്തുതക്കാവ് പാലം നിർമ്മാണത്തിനുള്ള 3.13 കോടി രൂപയുടെ പ്രൊപ്പോസൽ ഉൾപ്പെടെ 25.71 കോടി രൂപയുടെ 14 പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

4. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് നൽകിയ മറുപടി

കാവേരി നദീജല ട്രിബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിനനുവദിച്ച 30 TMC ജലത്തിൽ പാമ്പാർ ബേസിനുവേണ്ടി അനുവദിക്കപ്പെട്ട 3 TMC ജലം സംഭരിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യുന്ന ഡാമുകളിൽ ദേവികുളം മണ്ഡലത്തിൽ വരുന്ന പട്ടിശ്ശേരി ഡാമിന്റെ (0.078 TMC) പണികൾ ആരംഭിച്ചിരുന്നു. എന്നാൽ ഫൗണ്ടേഷനു വേണ്ടി എർത്ത് വർക്ക് എസ്കവേഷൻ നടത്തിയപ്പോൾ ഹാർഡ് റോക്ക് ലെവൽ എത്തുന്നതിന് ഡിസൈൻ പ്രകാരമുള്ള ലെവലിൽനിന്നും ഏതാണ്ട് 10 മീറ്ററോളം

LIBRARY ARCHIVES Kerala Legislative Assembly

അധികം താഴ്ന്നുണ്ടിവന്നതിനാൽ ഡാമിന്റെ ഡിസൈൻ മാറുകയുണ്ടായി. ഈ അവസരത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ബാക്കി പണികൾ എഗ്രിമെന്റ് പ്രകാരമുള്ള നിരക്കിൽ ചെയ്യുവാൻ വിസമ്മതിച്ചതിനാൽ, കോൺട്രാക്ട് അവസാനിപ്പിച്ച് പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കരാറുകാരന്റെ കരാർ അവസാനിപ്പിക്കുകയുണ്ടായി. ഇതിനെതിരെ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. കോൺട്രാക്ടറെ നേരിൽ കേട്ട് ഒരു മാസത്തിനകം തീരുമാനമെടുക്കുവാൻ സർക്കാരിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ടെർമിനേഷൻ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്യുകയുമുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം കരാറുകാരനെ 21-2-2018-ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ഇതിന്മേൽ അടിയന്തരമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ തീരുമാനം കൈക്കൊണ്ടശേഷം പട്ടിശ്ശേരി ഡാമിന്റെ ബാക്കി പണികൾക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്മിഷനിൽ പറഞ്ഞിട്ടുള്ള എസ്റ്റിമേറ്റ് 2016/15/പി2 എന്ന ഫയൽ പാമ്പാർ പ്രോജക്ടിന്റെ തലയാർ സ്കീമിൽപ്പെട്ട അപ്പർച്ചട്ട മൂന്നാർ ഡാമിന്റെ മണ്ണ് പര്യവേഷണ ജോലികൾക്കുള്ള എസ്റ്റിമേറ്റ് സംബന്ധിച്ചുള്ളതും എസ്റ്റിമേറ്റ് 2016/16/പി2 എന്ന ഫയൽ പാമ്പാർ പ്രോജക്ടിന്റെ വട്ടവട സ്കീമിൽപ്പെട്ട ഒറ്റമരം ഡാമിന്റെ മണ്ണ് പര്യവേക്ഷണ ജോലികൾക്കുള്ള എസ്റ്റിമേറ്റ് സംബന്ധിച്ചുള്ളതുമാണ്.

പ്രസ്തുത പദ്ധതികൾ അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

5. <u>ശ്രീ. രാജു എബ്രഹാം, എം.എൽ.എ-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് നൽകിയ മറുപടി</u>

"The Travancore-Cochin Literary, Scientific and Charitable Societies Registration Act 1955" പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (AKWAO) എന്ന സംഘടന. നിയമാനുസൃതമുള്ള അംഗീകാരം നൽകുന്നത് Conduct Rules 1960-ലെ ചട്ടം 77-നെ അടിസ്ഥാനമാക്കിയാണ്. അംഗീകാരം നൽകാൻ പാടില്ല എന്ന നിവേദനവും ലഭിച്ചിട്ടുണ്ട്. ആ സാഹചര്യത്തിൽ Conduct Rules 1960-ലെ ചട്ടം 77-ലെ ചില വ്യവസ്ഥകൾക്ക് സംഘടന സമർപ്പിച്ച ബൈലോയിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം ലഭ്യമാകേണ്ടതുണ്ട്. ആയത് ലഭിച്ചുകഴിഞ്ഞാൽ നിയമാനുസൃതമായ തീരുമാനം എടുക്കുന്നതാണ്.